പനമ്പിള്ളി കോളേജ് കെട്ടിടം

959. [1403] ശ്രീ. കെ. ജെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ പണിതീർത്ത പനമ്പിള്ളി കോളേജിനുള്ള കെട്ടിടം ഡിപ്പാർട്ട്മെൻറ് ഏറ്റെടുക്കാത്തത് എന്തുകൊണ്ട് ;

(ബി) ഈ കെട്ടിടം ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ കെട്ടിടത്തിലേക്ക് കോളേജ് എന്നത്തേക്ക് മാറ്റി സ്ഥാപിക്കുമെന്ന് പറയാമോ :

(ഡി) ഉൽഘാടന തീയതി നിശ്ചയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ ആൻറ് ബി) ചാലക്കുടി പനമ്പിള്ളി കോളേജിനുള്ള കെട്ടിടം ഡിപ്പാർട്ടുമെൻറ് ഏറ്റെടുക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു.

(സി) 15-11-1986-ന് മുൻപായി കോളേജ് പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ കഴിയും.

(ഡി) ഇല്ല.

ഈ വർഷം അനുവദിച്ച സ്കൂളുകൾ

960. [1404] ശ്രീ. ശകുന്തള നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര സ്കൂളുകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) ഇതിൽ ഗവൺമെൻറ് സ്കൂൾ എത്ര പ്രൈവറ്റ് സ്കൂൾ എത്ര ;

(സി) തിരുവല്ല പഞ്ചായത്തിലെ വാഴമുട്ടം ഗവൺമെൻറ് യു. പി. എസ്. ഹൈസ്കൂൾ ആയി ഉയർത്തുമോ ?

ഉത്തരം

(എ) 8 സ്കൂളുകൾ.

(ബി) ഗവൺമെൻറ് സ്കൂൾ-6
പ്രൈവറ്റ് സ്കൂൾ-2

(സി) നിർദ്ദേശം ഈ വർഷം പരിഗണിക്കുവാൻ സാദ്ധ്യമല്ല.

1985-86-ൽ അനുവദിച്ച പുതിയ സ്കൂളുകൾ

961. [1405] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ൽ സംസ്ഥാനത്ത് എത്ര പുതിയ സ്കൂളുകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) ഗവൺമെൻറ് സ്കൂളുകൾ എത്ര ; മനേജ്മെൻറ് സ്കൂളുകൾ എത്ര എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly